©
Government of Kerala
കേരള സർക്കാർ
2010

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE

# കേരള ഗസററ്

## EXTRAORDINARY

## അസാധാരണം

### PUBLISHED BY AUTHORITY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LV<br>വാല്യം 55 | Thiruvananthapuram,<br>Thursday<br>തിരുവനന്തപുരം,<br>വ്യാഴം | 11th March 2010<br>2010 മാർച്ച് 11<br>20th Phalguna 1931<br>1931 ഫാൽഗുനം 20 | No.<br>നമ്പർ 576 |

## കേരള സർക്കാർ

### തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (എംഎസ്.) 32/2010/തൊഴിൽ. *തിരുവനന്തപുരം, 2010 മാർച്ച് 9.*

**എസ്. ആർ. ഒ. നമ്പർ 252/2010.**—1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡം പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ചപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും 2009 മേയ് 25-ാം തീയതിയിലെ 928-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2009 മേയ് 20-ാം തീയതിയിലെ 22393/ഇ1/2006/തൊഴിൽ എന്ന നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചശേഷവും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശം പരിഗണിച്ചശേഷവും, കേരള സർക്കാർ, കേരള സംസ്ഥാനത്തെ ഗാർഹിക തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലിനിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്നപ്രകാരം ഇതിനാൽ നിശ്ചയിക്കുന്നു. ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വന്നതായി കണക്കാക്കേണ്ടതാണ്.

43/1029/2010/DTP.

## പട്ടിക

1. ആകെ വേതനം.—

| ക്രമ നമ്പർ | ജോലി | തുടക്കത്തിലുള്ള 8 മണിക്കൂറിൽ കുറഞ്ഞതും 5 മണിക്കൂർ വരെ ഉള്ളതുമായ ജോലിക്ക് | | ദിവസ വേതനം (8 മണിക്കൂർ ജോലിക്ക്) | പ്രതിമാസ വേതനം |
|---|---|---|---|---|---|
| | | 1 മണിക്കൂർ ജോലിക്ക് | തുടർന്നുള്ള ഓരോ മണിക്കൂർ ജോലിക്ക് | | |
| (1) | (2) | (3) | (4) | (5) | (6) |
| 1 | തുണി അലക്കൽ | 25 | 15 | 130 | 3380 |
| 2 | പാത്രം കഴുകൽ | 25 | 15 | 130 | 3380 |
| 3 | വീട് തൂത്തുവാരുക, അടിച്ച് വൃത്തിയാക്കുക, പരിസരം തൂക്കുക, നിലം തുടയ്ക്കുക, വീടും പരിസരവും വൃത്തിയാക്കുക | 25 | 15 | 130 | 3380 |
| 4 | ഭക്ഷണത്തിനുള്ള പലവ്യഞ്ജനങ്ങളും പച്ചക്കറികളും പാത്രങ്ങളും ഉപകരണങ്ങളും മറ്റും വാങ്ങിക്കൊണ്ടുവരിക | 25 | 15 | 130 | 3380 |
| 5 | ഭക്ഷണം പാകം ചെയ്യുന്നതിന് സഹായിക്കുക | 25 | 15 | 130 | 3380 |
| 6 | 1 മുതൽ 5 വരെയുള്ള എല്ലാമോ ഒന്നിൽ കൂടുതലോ ജോലി ചെയ്യുന്നതിന് | 25 | 15 | 130 | 3380 |
| 7 | കുട്ടികളെ പരിപാലിക്കുക, വിദ്യാലയത്തിൽ കൊണ്ടുപോവുകയും തിരികെ കൊണ്ടുവരികയും ചെയ്യുക | 25.50 | 15.50 | 134 | 3484 |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 8 | പ്രായം ചെന്നവരെയും രോഗികളെയും ശരീരവൈകല്യമുള്ളവരെയും പരിപാലിക്കുക | 25.50 | 15.50 | 134 | 3484 |
| 9 | ക്രമനമ്പർ ഏഴിലെയും എട്ടിലെയും ജോലികളും ക്രമനമ്പർ 1 മുതൽ 5 വരെയുള്ള എല്ലാമോ ഏതെങ്കിലുമോ ജോലികൾ ഒരുമിച്ച് ചെയ്യുന്നതിന് | 25.50 | 15.50 | 134 | 3484 |
| 10 | ഭക്ഷണം പാകം ചെയ്യുക | 26.50 | 16.50 | 142 | 3692 |
| 11 | വ്യക്തിയുടെയോ കുടുംബത്തിന്റെയോ താമസവുമായി ബന്ധപ്പെട്ട് വീട്ടിലും പരിസരത്തും മറ്റ് ജോലികൾ ചെയ്യുന്നവർ | 25 | 15 | 130 | 3380 |
| 12 | വീട്ടിൽ താമസിച്ച് ഗാർഹിക ജോലി ചെയ്യുന്നവർ | .. | .. | 146 | 3796 |
| 13 | വാഹന ഡ്രൈവർ | 27 | 17 | 146 | 3796 |
| 14 | ഗാർഡനർ (തോട്ടക്കാരൻ) | 27 | 17 | 146 | 3796 |
| 15 | ഹോം നേഴ്സ് (വിദ്യാഭ്യാസ യോഗ്യതയോ വിദഗ്ദ്ധ പരിശീലനമോ നേടിയവർ) | | | | |
| | (1) പകൽ സമയം | 27 | 17 | 146 | 3796 |
| | (2) വീട്ടിൽ താമസിച്ച് | .. | .. | 150 | 3900 |
| 16 | സെക്യൂരിറ്റി/വാച്ച്മാൻ, ഗാർഡൻ വർക്കർ (തോട്ടപ്പണിക്കാർ) | .. | .. | 142 | 3692 |

2. സൗജന്യ ഭക്ഷണം.—മേൽപ്പറഞ്ഞ വേതനത്തിനുപുറമെ കുറഞ്ഞത് ഒരു മണിക്കൂറെങ്കിലും ജോലി ചെയ്യുന്നവർക്ക് ഒരു നേരത്തെ ഭക്ഷണവും ദിവസം 4 മണിക്കൂറിൽ കൂടുതൽ ജോലി ചെയ്യുന്നവർക്ക് രണ്ടുനേരത്തെ ഭക്ഷണവും ജോലി ചെയ്യുന്ന വീട്ടിൽ താമസിക്കുന്നവർക്ക് പൂർണ്ണമായ ഭക്ഷണവും സൗജന്യമായി ഗൃഹനാഥൻ നൽകേണ്ടതാണ്.

3. **ഉപഭോക്തൃ വിലസൂചികയിൽ വർദ്ധനവുണ്ടായാൽ വർദ്ധനവ്.**— സംസ്ഥാനത്തെ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന 1998-99=100 എന്ന പുതിയ ഉപഭോക്തൃ വിലസൂചികയുടെ എല്ലാ സെന്ററുകളിലേക്കും ചേർന്നുള്ള സംസ്ഥാന ശരാശരിയിൽ ഈ വിജ്ഞാപനം പ്രാബല്യത്തിൽ വന്നതിനുശേഷം 2010 ജനുവരിയിലെ സൂചികയിലേതിനേക്കാൾ അഞ്ച് പോയിന്റ് വർദ്ധനവ് വന്നാൽ അപ്രകാരം വർദ്ധനവ് വന്ന മാസം 1-ാം തീയതി മുതൽ വേതനത്തിൽ അഞ്ച് ശതമാനം വർദ്ധനവ് വീതം നൽകേണ്ടതാണ്. തുടർന്ന് സൂചികയിൽ 5 പോയിന്റ് വർദ്ധനവ് വരുന്ന എല്ലാ മാസങ്ങളിലും ഒന്നാം തീയതിയിലുള്ള പ്രകാരം വർദ്ധനവ് നൽകേണ്ടതാണ്.

4. നാലിൽ കൂടുതൽ പ്രായപൂർത്തിയായവർ തുടർച്ചയായി താമസിക്കുന്ന വീടുകളിലെ ജോലികൾ ഒരു തൊഴിലാളി മാത്രമാണ് ചെയ്യുന്നതെങ്കിൽ അധികമായി താമസിക്കുന്ന ഓരോ ആൾക്കുവേണ്ടിയും നിശ്ചയിക്കപ്പെട്ട വേതനത്തിന്റെ അഞ്ച് ശതമാനം വീതം പരമാവധി 15 ശതമാനം തുക തൊഴിലാളിക്ക് അധികമായി വേതനം നൽകേണ്ടതാണ്.

5. ഒരു ദിവസം ഒരു വീട്ടിൽ/ഒരു ഗൃഹനാഥന്റെ കീഴിൽ തുടർച്ചയായി 5 മണിക്കൂറിൽ കൂടുതൽ സമയം ജോലി ചെയ്യുന്ന തൊഴിലാളിക്ക് ആ വിഭാഗത്തിന് ഒരു ദിവസത്തെ ജോലിക്ക് പട്ടിക പ്രകാരം (8 മണിക്കൂർ ജോലിക്ക്) നിശ്ചയിച്ച വേതനം നൽകേണ്ടതാണ്.

6. ഒരു ദിവസത്തിൽ 1 മണിക്കൂറിൽ കൂടുതലും 8 മണിക്കൂറിൽ കുറവും ജോലി ചെയ്യുന്നവർക്ക് ഒരു മണിക്കൂറിന് നിശ്ചയിച്ച വേതന നിരക്കിന്റെ ആനുപാതികമായി, പരമാവധി 8 മണിക്കൂർ ജോലിയുടെ വേതനം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, ജോലി ചെയ്ത് പൂർത്തിയാക്കിയ സമയത്തിന് മുഴുവനായും വേതനം നൽകേണ്ടതാണ്.

7. ഒരു വീട്ടിൽ/ഒരു ഗൃഹനാഥന്റെ കീഴിൽ തന്നെ തുടർച്ചയായി ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ആറ് ദിവസം തുടർച്ചയായി ജോലി ചെയ്താൽ ഒരു ഒഴിവ് ദിവസം അനുവദിക്കേണ്ടതാണ്. ഇങ്ങനെ അനുവദിക്കപ്പെട്ട ഒഴിവ് ദിവസം പ്രസ്തുത തൊഴിലാളിയെക്കൊണ്ട് ജോലി ചെയ്യിച്ചാൽ ഓവർടൈം നിരക്കിൽ വേതനം നൽകേണ്ടതാണ്.

8. 18 വയസ്സിൽ താഴെ പ്രായമുള്ളവരെ ജോലിക്ക് നിയോഗിക്കാൻ പാടില്ല.

9. സ്ത്രീ തൊഴിലാളികൾക്ക് ജോലി സ്ഥലത്തുള്ള സുരക്ഷിതത്വം ഗൃഹനാഥൻ ഉറപ്പുവരുത്തേണ്ടതാണ്.

10. **ഉയർന്ന വേതനത്തിനു സംരക്ഷണം**.— പട്ടികയിൽ നിശ്ചയിച്ചതിനേക്കാൾ ഉയർന്ന വേതനം ഏതെങ്കിലും തൊഴിലാളികൾക്ക് ലഭിച്ചുവരുന്നുണ്ടെങ്കിൽ ആ തൊഴിലാളികൾക്ക് അപ്രകാരമുള്ള ഉയർന്ന വേതനത്തിനുതന്നെ തുടർന്നും അർഹത ഉണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. കെ. വിശ്വനാഥൻ,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാനത്തിൽ ഗാർഹിക തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ കുറഞ്ഞ കൂലിനിരക്കുകൾ നിശ്ചയിക്കുന്നതിന് 1948-ലെ മിനിമം വേജസ് ആക്റ്റ് 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തപ്രകാരം മിനിമം കൂലി നിശ്ചയിക്കുന്നതിനുവേണ്ടി സർക്കാർ കരട് നിർദ്ദേശങ്ങൾ അടങ്ങിയ പ്രാഥമിക വിജ്ഞാപനം 2009 മേയ് 20-ാം തീയതിയിലെ 22393/ഇ1/2006 തൊഴിൽ നമ്പർ പ്രകാരം ഗസറ്റിൽ പ്രസിദ്ധീകരിച്ചു. പ്രസ്തുത നിർദ്ദേശങ്ങളിൻമേൽ ലഭിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചുകൊണ്ടും മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശം പരിഗണിച്ചശേഷവും പ്രസ്തുത തൊഴിൽ മേഖലയിലെ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ നിശ്ചയിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം

33/1029/10. PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2010.